**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1430** **07-10-2021 - ൽ മറുപടിയ്ക്ക്**

**ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേര്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എല്ലാ ഭൂവുടമകൾക്കും ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേര് നടപ്പാക്കുന്ന പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചുവോ; | (എ) | ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് ആധാർ നമ്പർ ഉപയോഗിക്കുന്നതിന് 23/08/2021 ലെ File no. 13(4)/2020- EG-II (Vol – 8) പ്രകാരം കേന്ദ്ര ഇലക്ട്രോണിക്സ് & വിവര സാങ്കേതിക മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതി എന്നു മുതലാണ് സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത പദ്ധതി മുഖേന ലക്ഷ്യമിടുന്നതെന്തൊക്കെയെന്നും വ്യക്തമാക്കാമോ? | (ബി) | യൂണിക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ച സാഹചര്യത്തിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും എന്തെങ്കിലും രീതിയിലുള്ള ഭേദഗതികൾ വരുത്തേണ്ടതുണ്ടെങ്കിൽ ആയത് വരുത്തി റവന്യൂ ലാൻഡ് ഇൻഫോർമേഷൻ സിസ്റ്റം സോഫ്റ്റ് വെയറിലും ആവശ്യമായ മാറ്റങ്ങൾ വരുത്തി സമയബന്ധിതമായി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് എല്ലാ ഭൂവുടമകളുടെയും തണ്ടപ്പേർ വിവരങ്ങൾ ആധാർ നമ്പർ ഉൾപ്പെടുത്തി ലിങ്ക് ചെയ്യുകയും തുടർന്ന് കമ്പ്യൂട്ടർ അധിഷ്ഠിതമായ ഒരു പ്രത്യേക തണ്ടപ്പേർ നമ്പർ അനുവദിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. അതുവഴി ഒരു ഭൂവുടമയുടെ പേരിൽ സംസ്ഥാനത്തുള്ള മുഴുവൻ ഭൂമിയുടെയും വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒരു തണ്ടപ്പേരിൽ ലഭ്യമാവുകയും ആയത് വഴി ജനങ്ങൾക്ക് സുഗമവും സുതാര്യവുമായി ഭൂമി സംബന്ധമായ ഇടപാടുകൾ നടത്തുന്നതിനും സാധിക്കും. കൂടാതെ ഒരാളിന്റെ പേരിൽ സംസ്ഥാനത്തുള്ള മുഴുവൻ ഭൂമിയും ഒരു അക്കൗണ്ടിൽ ലഭ്യമാകുന്നതോടെ പരിധിയിൽ കവിഞ്ഞ ഭൂമി കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തുന്നതിനും മിച്ചഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ